

ആഗസ്റ്റ് 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 75 വർഷങ്ങൾ പൂർത്തിയാകുന്നു. കൊളോണിയൽ ഭാരതത്തിന്റെ തിക്താനുഭവങ്ങളിലൂടെയാണ് ഇന്ത്യയുടെ സ്വാതന്ത്ര്യ സങ്കൽപ്പങ്ങൾ രൂപപ്പെട്ടത്. അടിച്ചമർത്തലുകളുടെയും വംശീയാധിക്ഷേപങ്ങളുടെയും രൂപത്തിൽ പ്രത്യക്ഷമായ കൊളോണിയലിസം എല്ലാവരെയും ഉൾക്കൊള്ളുന്ന സമത്വ സുന്ദരമായ ഇന്ത്യയെ സ്വപ്നം കാണാൻ പ്രേരിപ്പിച്ചു. ഭരണഘടന രൂപപ്പെടുത്തിയതിലൂടെ അധീശശക്തികളുടെ ഭരണക്രമമല്ല പ്രത്യുത ജനാധിപത്യ ഭരണക്രമമാണ് ഇന്ത്യയിലെ ജനങ്ങൾക്കാവശ്യം എന്ന സന്ദേശം ലോകത്തിന് നൽകി. അങ്ങനെ ലോകത്തിലെ തന്നെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ഉടലെടുത്തു. സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ധീര വ്യക്തിത്വങ്ങളെ ഇത്തരുണത്തിൽ സ്മരിക്കാം. അവരുടെ ദർശനങ്ങളെ പിൻതുടരുവാനുള്ള ഉൾക്കരുത്തും ആവേശവുമാണ് ഇന്നു നമുക്കാവശ്യം. ഇന്ത്യയിലെ ക്രൈസ്തവ സമൂഹം രാഷ്ട്രീയ പ്രബുദ്ധത എല്ലാക്കാലത്തും കാട്ടിയിരുന്നു. സ്വന്തം അവകാശങ്ങൾക്കപ്പുറം രാഷ്ട്ര നന്മ ലാക്കാക്കി പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യ കാലഘട്ടത്തിലെ ക്രൈസ്തവ നേതാക്കൾക്കായി എന്നതിന് എത്രയോ ഉദാഹരണങ്ങളുണ്ട്.

സ്വാതന്ത്ര്യാനന്തര ഇന്ത്യ അധീശത്വങ്ങൾക്കും അധിനിവേശങ്ങൾക്കും അതീതമാണോ എന്ന ചോദ്യം സംഗതമാണ്. അധീശത്വങ്ങൾക്കെതിരെ രൂപം പ്രാപിച്ച സ്വാതന്ത്ര്യ സങ്കല്പങ്ങൾ പുത്തൻ അധീശത്വങ്ങൾക്ക് വഴിമാറുന്നു എന്ന യാഥാർത്ഥ്യം നമ്മെ അസ്വസ്ഥമാക്കുന്നു. തദ്ദേശീയ ആധിപത്യ ശക്തികൾ ഭരണക്രമത്തിൽ പിടിമുറുക്കുകയും പ്രബലമല്ലാത്ത സമൂഹങ്ങളെയും വ്യക്തികളെയും ഒഴിവാക്കി ഭരണവ്യവസ്ഥ പുനർനിർമ്മിക്കുകയും ചെയ്യുന്നു. മേലാള കീഴാള ദ്വന്ദം ചരിത്രപരമായി സാധൂകരിക്കുന്നു. കൊളോണിയൽ ഭരണക്രമത്തിന്റെ തദ്ദേശ മാതൃകകൾ സൃഷ്ടിക്കപ്പെടുന്നു. ജനാധിപത്യത്തിന്റെ അളവുകോലായ 'ഭൂരിപക്ഷത്തിന്റ' പിൻബലം ഉറപ്പാക്കുന്ന തന്ത്രങ്ങൾ രാഷ്ട്രീയ പാർട്ടികൾ മെനയുമ്പോൾ ജനാധിപത്യം ആൾക്കൂട്ടാധിപത്യമായി മാറുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ 75 –ാം വാർഷിക ആഘോഷങ്ങൾ ഒരു പുനർ വിചിന്തനത്തിനുള്ള അവസരമായിക്കൂടി കണക്കാക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ സമൂഹങ്ങൾ തങ്ങളുടെ വിശ്വാസത്തിൽ അധിഷ്ഠിതമായി രാഷ്ട്രീയ പ്രക്രിയയുടെ ഭാഗമാകുക എന്നത് ഇന്നിന്റെ അനിവാര്യതയാണ്. രാഷ്ട്ര പുനർനിർമ്മാണ പ്രക്രിയയിൽ ക്രിയാത്മകമായി പങ്കെടുക്കുന്നതും വിശ്വാസത്തിന്റെ പ്രതിഫലനമായിത്തന്നെ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

പണവും അധികാരവും സൃഷ്ടിക്കുന്ന മാസ്മരികതയുടെ വലയത്തിൽ തങ്ങളുടെ ആശയഗതികളെയും നിയോഗങ്ങളെയും മറക്കുന്നവരുടെ എണ്ണം കൂടിവരുന്നു. അത് ക്രൈസ്തവ നേതൃരംഗത്തും രാഷ്ട്രീയ നേതൃത്വങ്ങളിലും പ്രകടമാണ്. സമകാലിക രാഷ്ട്രീയ രംഗത്തെ കൂറുമാറലുകൾ പണ അധികാര ആധിപത്യങ്ങളുടെ ബാക്കി പത്രമായി കാണുന്നതിൽ തെറ്റില്ല എന്ന് തോന്നുന്നു. എന്തിനേറെ, അട്ടപ്പാടിയിലെ മധുവിന്റെ കൊലപാതകത്തിൽ സാക്ഷികളായിരുന്നവർ കൂറുമാറുന്നതിലും പണം ഒരു ഘടകമാണെന്ന് ആരോപണമുണ്ട്. ആരോപണങ്ങളുടെ നിജസ്ഥിതി എന്തായാലും അടുത്തകാലങ്ങളിൽ പല സംസ്ഥാനങ്ങളിലും എം. എൽ. എ. മാരും എം. പി മാരും കൂട്ടമായി കൂറുമാറുന്നതിനെ എങ്ങനെ വിലയിരുത്തണം എന്നറിയില്ല. പണത്തിനുവേണ്ടിയുള്ള കൂറുമാറ്റങ്ങൾ ഇന്ത്യയിൽ ഇതാദ്യം അല്ല. കുതിരക്കച്ചവടം എന്ന ഓമനപ്പേരിൽ അറിയപ്പെട്ടിരുന്ന ഇത്തരം കൂറുമാറ്റങ്ങൾ ജനാധിപത്യത്തിന്റെ കടക്കൽ കത്തിവെക്കുന്നതാണെന്ന് മനസ്സിലാക്കിയാണ് കൂറുമാറ്റ നിരോധന നിയമം കൊണ്ടുവന്നത്. ഏതായാലും സ്വാതന്ത്ര്യത്തിന്റെ

75-ാം വാർഷികം നാം ആഘോഷിക്കുമ്പോൾ കൂറുമാറ്റങ്ങളും കുതിരക്കച്ചവടങ്ങളും വിമർശന വിധേയമാക്കേണ്ടിയിരിക്കുന്നു.

ഇന്ത്യയുടെ 15-ാമത് രാഷ്ട്രപതിയായി ശ്രീമതി. ദ്രൗപതി മുർമു അധികാരമേറ്റു. രാഷ്ട്രപതിയാകുന്ന ആദ്യ ഗോത്രവർഗക്കാരി എന്നതിനപ്പുറം തന്റെ തനതായ കഴിവുകൾ രാഷ്ട്രീയ സാമൂഹിക രംഗത്ത് പ്രദർശിപ്പിച്ച ഒരു വനിതാരത്നം കൂടിയാണവർ. മാർത്തോമ്മാ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. വനിതാശാക്തീകരണവും, പാവപ്പെട്ടവന്റെ ഉന്നമനവുമാണ് തന്റെ ലക്ഷ്യമെന്നും ഓരോ ദരിദ്രന്റെയും നേട്ടമാണ് തന്റെ ഈ പദവിയെന്നും അധികാരമേറ്റ ശേഷം നടത്തിയ ആദ്യ പ്രസംഗത്തിൽ രാഷ്ട്രപതി പ്രഖ്യാപിച്ചു. അധികാരങ്ങളെക്കാൾ ഇന്ത്യയിൽ രാഷ്ട്രപതി സ്ഥാനം ഒരു പ്രതീകമാണ്. ഇന്ത്യയുടെ ജനാധിപത്യ മാനങ്ങൾ ഉയർത്തിക്കാട്ടുന്ന ഒരു പ്രതീകം. ഇന്ത്യയുടെ സവിശേഷമായ വ്യത്യസ്ഥതകളെ അംഗീകരിക്കുന്ന, അവയെ ഉയർത്തിക്കാട്ടുന്ന പ്രതീകാത്മക രൂപമായി വളരുക എന്ന വെല്ലുവിളി ഏറ്റെടുക്കുവാൻ പുതിയ രാഷ്ട്രപതിക്കാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ഇന്ത്യയുടെ അയൽരാജ്യമായ ശ്രീലങ്കയിൽ ഭരണ പ്രതിസന്ധി ഉണ്ടായിരിക്കുകയാണല്ലോ. പട്ടിണിയും തൊഴിലില്ലായ്മയും മൂലവും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാലും ജനങ്ങൾ തെരുവിലിറങ്ങി. പ്രസിഡന്റ് രാജ്യംവിട്ടു, പ്രധാനമന്ത്രിയെ ജനങ്ങൾ തടഞ്ഞു വെച്ചു, തന്മൂലം പാർലമെന്റ് സ്തംഭവനാവസ്ഥയിലായി. ഈ പ്രതിസന്ധി ഘട്ടത്തിലെ ക്രൈസ്തവ ദൗത്യം തിരിച്ചറിഞ്ഞു ചർച്ച് ഓഫ് സിലോൺ സഭയുടെ മെത്രാൻമാർ പുറപ്പെടുവിച്ച പ്രസ്താവനയിൽ ഭരണാധിപരും പട്ടാളവും പൊതുജനങ്ങളും സംയമനം പാലിക്കണമെന്ന് അഭ്യർത്ഥിച്ചു. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന അടിയന്തരാവസ്ഥയുടെ മറവിൽ പൗരാവകാശങ്ങൾ ധ്വംസിക്കരുത് എന്നും ബിഷപ്പുമാർ ഓർമിപ്പിച്ചു. സമൂഹവും രാഷ്ട്രവുമായുള്ള ബന്ധത്തിൽ സഭയുടെ ദൗത്യമെന്തെന്ന് ശ്രീലങ്കയിലെ സഭ നമുക്ക് കാട്ടിത്തരുന്നു.

അമേരിക്കൻ ഐക്യനാടുകളിൽ ഗർഭച്ഛിദ്രത്തിനുള്ള ഭരണഘടനാപരമായ അവകാശം സുപ്രീംകോടതി റദ്ദാക്കിയിരിക്കുകയാണല്ലൊ. ജീവൻ പരിപാവനമാണ്. ഗർഭധാരണത്തിന്റെ ഏതു ഘട്ടത്തിലാണ് മനുഷ്യജീവൻ ഉടലെടുത്ത് വ്യക്തിത്വം പ്രാപിക്കുന്നത് എന്നത് സംബന്ധിച്ച് വിദഗ്ദ്ധർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. എന്നാൽ ജീവന്റെ പൂർണ്ണതയാണ് ദൈവഹിതം എന്നതാണ് പ്രധാനം. ജനനത്തിന് മുമ്പുള്ള ജീവൻ പോലെ ജനന ശേഷമുള്ള ജീവനും പ്രധാനമാണ്. ആരോഗ്യ പരിരക്ഷ ലഭ്യമാക്കാൻ പാടുപെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളിലെ ആളുകളെ ഇപ്പോഴത്തെ മാറ്റങ്ങൾ എപ്രകാരം ബാധിക്കുമെന്നത് നാം പ്രത്യേകം ഓർത്തിരിക്കണം.

ജപ്പാൻ മുൻ പ്രധാനമന്ത്രി ഷിൻസോ അബെ വെടിയേറ്റ് കൊല്ലപ്പെട്ടത് ലോക സമാധാനത്തിനേറ്റ ഒരു വലിയ ആഘാതമാണ്. ഇന്ത്യയുടെ ഒരു സുഹൃത്തായിരുന്ന അദ്ദേഹം അധികാരത്തിൽ ഉണ്ടായിരുന്ന കാലത്ത് ഇന്ത്യ, അമേരിക്ക തുടങ്ങിയ അനേകം രാജ്യങ്ങളുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കാൻ ശ്രമിച്ചു എന്നത് ഈ അവസരത്തിൽ ഓർക്കുന്നു. അക്രമ സംഭവങ്ങൾ അധികം നടക്കാത്ത ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽപ്പോലും രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടാകുന്നു എന്നത് ഉത്ക്കണ്ഠ ഉളവാക്കുന്നതാണ്. അബെയെപ്പോലെ സമാധാനം കാംക്ഷിക്കുന്ന ഭരണാധികാരികൾക്ക് നിർഭയം പ്രവർത്തിക്കുവാൻ കഴിയുന്ന കാലം വേഗം വരേണമേ എന്ന് നമുക്ക് പ്രാർത്ഥിക്കാം, അതിനായി പ്രവർത്തിക്കാം.

പതിനഞ്ചാമത് ലാംബത്ത് സമ്മേളനം ജൂലൈ 27 മുതൽ ഓഗസ്റ്റ് 8 വരെ കൂടുകയാണല്ലോ. പത്ത് വർഷത്തിലൊരിക്കൽ കാന്റർബറി ആർച്ച് ബിഷപ്പ് വിളിച്ചുചേർക്കുന്ന ലാംബത്ത് കോൺഫറൻസ് ലോകമെമ്പാടുമുള്ള ആംഗ്ലിക്കൻ കമ്മ്യൂണിയനിലെ ബിഷപ്പുമാരുടെ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനും സംവാദത്തിനുമുള്ള കൂടിവരവാണ്. ദൈവത്തിന്റെ സഭ ദൈവത്തിന്റെ ലോകത്തിന് വേണ്ടി കൂട്ടായി സഞ്ചരിക്കുക, ശ്രവിക്കുക, സാക്ഷിക്കുക എന്നതാണ് ഈ വർഷത്തെ സമ്മേളനത്തിന്റെ ചിന്താവിഷയം. അത്യന്തം സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ ദൈവഹിതം ഗ്രഹിക്കുന്നതിനും ദൗത്യനിർവ്വഹണത്തിന് സഭയെ സജ്ജമാക്കുന്നതിനും ഈ സമ്മേളനത്തിന് സാധിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ ഉൾപ്പെടെയുള്ള പല സംഘടനകളും ദളിത് ഓർഗനൈസേഷനുകളും ഓഗസ്റ്റ് 10 ദേശീയ പ്രതിഷേധ ദിനമായി ആചരിക്കുന്നു. രാഷ്ട്രപതിയുടെ 1950 ലെ പ്രത്യേക ഓർഡർ തിരുത്തണം എന്ന ആവശ്യത്തിലാണ് ഈ പ്രതിഷേധം സംഘടിപ്പിച്ചിരിക്കുന്നത്. ഈ ഓർഡർ പ്രകാരം ഹിന്ദുമതത്തിൽ ഉൾപ്പെട്ട കീഴാള ജനത മാത്രമാണ് ഷെഡ്യൂൾഡ് കാസ്റ്റ് ലിസ്റ്റിൽ വരുന്നത്. സമ്മർദ്ദങ്ങളുടെ ഫലമായി പിന്നീട് സിഖ് - ബുദ്ധ മതവിഭാഗങ്ങളെയും അതിൽ ഉൾപ്പെടുത്തി. അങ്ങനെ ക്രിസ്ത്യൻ, ഇസ്ലാം എന്നീ മത വിഭാഗങ്ങളിൽപ്പെട്ട കീഴാള ജനത ഷെഡ്യൂൾഡ് കാസ്റ്റിന്റെ ഒരു അവകാശത്തിനും അർഹരല്ലാതായി. മത കേന്ദ്രീകൃത അവകാശങ്ങളെ അനുവദിക്കുന്നത് ഭരണഘടനാ ലംഘനമാണ് എന്ന വാദഗതിയിൽ ഈ ഓർഡനൻസിനെതിരെ സുപ്രീം കോടതിയിൽ ഒരു കേസ് നിലവിൽ ഉണ്ട്.

അബൂദാബി മാർത്തോമ്മാ ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനത്തിലും അബുദാബി മാർത്തോമ്മാ യുവജന സഖ്യ

ത്തിന്റെ സുവർണ്ണ ജൂബിലി ഉദ്ഘാടന സമ്മേളനത്തിലും, നാരങ്ങാനം സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ ശതാബ്ദി സമ്മേളനത്തിലും സംബന്ധിച്ചു. അയിരൂർ ചെറുകോൽപ്പുഴ ജെ. എം. എം. എ ഹോളിസ്റ്റിക്ക് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള 'സ്നേഹവീട്' പദ്ധതിയുടെ ശിലാസ്ഥാപനം ജൂലൈ 6 ന് നിർവ്വഹിച്ചു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ പാർപ്പിടം ഏവർക്കും ലഭിക്കണം എന്ന പ്രതീക്ഷയാണ് സ്നേഹവീട് പദ്ധതി. സന്മനസ്സുള്ള ഒരു വ്യക്തിയുടെ സംഭാവനയായ 1 ഏക്കർ 73 സെന്റ് സ്ഥലം എഴുമറ്റൂർ പഞ്ചായത്തിൽ 5 -ാം വാർഡിൽ 21 ആളുകൾക്ക് 5 സെന്റ് സ്ഥലവും ഒരു വീടും എന്നതാണ് ഈ പദ്ധതിലൂടെ ഉദ്ദേശിക്കുന്നത്. 21 വീടുകൾക്കും ഒരു കമ്മ്യൂണിറ്റി സെന്ററിനും അടിസ്ഥാന ശില ആശിർവ്വദിച്ചു. ദൈവം തന്ന അനുഗ്രഹങ്ങൾ നമുക്ക് വേണ്ടി മാത്രമുള്ളതല്ല മറ്റുള്ളവർക്ക് കൂടി അർഹതപ്പെട്ടതാണ്. അപ്രകാരം തനിക്കുള്ളതിനെ ആവശ്യത്തിലിരിക്കുന്നവരുമായി പങ്കിടുവാൻ മനസ്സ് കാണിച്ച ആ കുടുംബത്തോട് സഭയുടെ പേരിലുള്ള നന്ദി അറിയിക്കുന്നു.

അർദ്ധ വാർഷിക ക്ലെർജി കോൺഫറൻസ് ജൂലൈ 15 ന് സൂം പ്ലാറ്റ് ഫോമിലൂടെ നടത്തുവാൻ സാധിച്ചു. വാർഷിക സമ്മേളനത്തിനു മുന്നോടിയായി നടത്തപ്പെട്ട ഈ കോൺഫറൻസ് ഒരു ഒരുക്ക സമ്മേളനം എന്ന നിലയിൽ പഠനത്തിനും കൂട്ടായ്മയ്ക്കും സഹായകരമായിരുന്നു. ഈ വർഷത്തെ പ്രധാന ചിന്താവിഷയമായ 'ശ്വാസംമുട്ടുന്ന ലോകം - അജപാലന ശുശ്രൂഷയിലെ വെല്ലുവിളികൾ' (The world is gasping for Breath - Challenges for Pastoral Ministry) എന്ന വിഷയത്തിന്റെ ആമുഖ അവതരണവും പ്രാഥമിക ചർച്ചകളും നടത്തുകയും ചെയ്തു.

കോവിഡ് - 19 നെ തുടർന്ന് വാനര വസൂരി (മങ്കി പോക്സ്) ആഗോള തലത്തിൽ വ്യാപകമാകുന്നു. ഇതിനോടകം 74 രാജ്യങ്ങളിൽ രോഗം കണ്ടെത്തിയതോടെ ഒരു അസാധാരണ സാഹചര്യമാണ് സംജാതമായിരിക്കുന്നത്. ഇതൊരു ആഗോള ആരോഗ്യ അടിയന്തിരാവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ സാഹചര്യത്തെ ഗൗരവമായിക്കാണുകയും രോഗനിയന്ത്രണത്തിന് വേണ്ട ശ്രദ്ധയും കരുതലും നല്കുകയും വേണം. കോവിഡ് കാലത്ത് രൂക്ഷമായ തൊഴിൽ നഷ്ടം കോവിഡിനു ശേഷവും തുടരുന്നു എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. നഗരങ്ങളിലേക്കാൾ ഗ്രാമ പ്രദേശങ്ങളിലാണ് തൊഴിലില്ലായ്മാനിരക്ക് കൂടുതൽ. ഈ വർഷം മേയ് മാസത്തിൽ ഗ്രാമങ്ങളിലെ തൊഴിലില്ലായ്മാനിരക്ക് 6.62 ശതമാനമായിരുന്നെങ്കിൽ ജൂണിൽ ഇത് 8.03 ശതമാനമായി. കാർഷിക മേഖലയിൽ മാത്രം 80 ലക്ഷത്തോളം തൊഴിൽ നഷ്ടമുണ്ടായി. രാജ്യത്ത് ആകമാനം തൊഴില്ലില്ലായ്മ നിരക്കു വർധിച്ചിരിക്കയാണ്. കോവിഡ് ലോക്ക് ഡൗണുകൾക്ക് ശേഷമുള്ള ഈ മാറ്റങ്ങൾ ആശങ്കാജനകമാണ്. ഭരണാധികാരികൾ ഈ സാഹചര്യം ഗൗരവമായി എടുക്കേണ്ടതാണ്. ഒപ്പം, സഭയുടെ സാമൂഹ്യ ധർമ്മം എന്തെന്ന് നാമും ചിന്തിക്കണം.

മലങ്കര കത്തോലിക്കാ സഭ രണ്ട് പുതിയ മെത്രാപ്പോലീത്താമാരെയും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ 7 പുതിയ മെത്രാപ്പോലീത്താമാരെയും കൂടി നിയോഗിച്ചു. യാക്കോബായ സുറിയാനി സഭയിൽ രണ്ട് മെത്രാപ്പോലീത്താമാരെ കൂടി നിയോഗിക്കുവാൻ തീരുമാനിച്ചു. മുന്നു സഭകളെയും സഭാ നേതൃത്വത്തെയും അഭിനന്ദിക്കുന്നു. പുതിയ നിയോഗ സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്ന മെത്രാപ്പോലീത്താമാർക്ക് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആശംസകൾ അറിയിക്കുന്നു. ക്രിസ്തുശരീരമാകുന്ന സഭയിൽ ഉത്തമ അജപാലകരായിരിപ്പാനും സഭാ നൗകയെ ലക്ഷ്യസ്ഥാനത്തേക്കടുപ്പിക്കുവാനും ദൈവത്തിന്റെ കൃപ അവരെ ശക്തീകരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഈ നാളുകളിൽ 6 പേർകൂടി നമ്മുടെ സഭയുടെ വൈദിക ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്നു. അവരെ ഓർത്തും പ്രത്യേകം പ്രാർത്ഥിക്കാം. അനുഗൃഹീത ശുശ്രൂഷകൾ സഭയിലൂടെ നിർവ്വഹിക്കുവാൻ ദൈവം തന്റെ മക്കളെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

പുലിയൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗം അഡ്വ. ഡോണി തോമസ് വർഗീസ് ജില്ലാ സെഷൻസ് ജഡ്ജിയായി നിയമിതനായി. നമ്മുടെ വാളകം മാർത്തോമ്മാ ഇടവകാംഗം ശ്രീ. ജോണിക്കുട്ടി കെ. എൽ. കേരളാ ഐ. പി. എസ്സ് പദവിയിലേക്കുയർത്തപ്പെട്ടു. നീതിന്യായ - ക്രമപരിപാലന രംഗങ്ങളിൽ ഉന്നത സ്ഥാനലബ്ദിക്കർഹരായ ഇവരെ അഭിനന്ദിക്കുന്നു. നമ്മുടെ അഞ്ചൽ സെന്റ് പോൾസ് മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. ജോജിൻ ഏബ്രഹാം ജോർജ്ജ് ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ് പരീക്ഷയിൽ കേരളത്തിൽ നിന്നും ഒന്നാം റാങ്കും ദേശീയതലത്തിൽ 7 -ാം സ്ഥാനവും കരസ്ഥമാക്കിയെന്നത് നമുക്കേവർക്കും അഭിമാനകരമാണ്. കർണ്ണാടകയിലുള്ള നമ്മുടെ മുണ്ടുഗോഡ് മാർത്തോമ്മാ ഇടവകാംഗം സിമി എൻ. എസ് ലണ്ടൻ ബർമ്മിങ്ഹാമിൽ വെച്ച് നടത്തപ്പെടുന്ന കോമൺവെൽത്ത് ഗയിംസിൽ പങ്കെടുക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടു. ഇവരുടെ മികവുറ്റ നേട്ടങ്ങൾക്ക് സഭയുടെ പേരിൽ ആദരവുകൾ അറിയിക്കുന്നു. സെൻട്രൽ സ്ട്രീമുകളിലുള്ള (സി. ബി. എസ്. ഇ / ഐ. സി. എസ്. ഇ എന്നിവയിലെ) 10, 12 ക്ലാസ്സുകളുടെ പരീക്ഷാ ഫലം പുറത്തുവന്നു. വിജയികളെ അഭിനന്ദിക്കുന്നു. തിരുവനന്തപുരം മുക്കോലയ്ക്കൽ സെന്റ് തോമസ് റസിഡൻഷ്യൽ സ്ക്കൂൾ മികവാർന്ന വിജയം സംസ്ഥാന സ്ഥലത്തിലും ദേശീയ തലത്തിലും കരസ്ഥമാക്കി. ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെയും അവർക്ക് പരിശീലനം നല്കിയ അദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

റവ. ഏബ്രഹാം ചാക്കോ, റവ. എൻ. വി. കോരുള, റവ. എം. വി. തോമസ് എന്നീ വൈദികർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. അവരുടെ ധന്യവും ശ്രേഷ്ഠവുമായ പ്രവർത്തനങ്ങളെ ഓർത്ത് ദൈവത്തെ സ്തുതിക്കാം. സഭയുടെ വ്യത്യസ്ഥ തലങ്ങളിൽ വ്യക്തികളായും കുടുംബമായും അവർ അനുഗൃഹീത ശുശ്രൂഷകൾ നിർവ്വഹിച്ചു. ഈ പ്രിയപ്പെട്ട വൈദികരുടെ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കാം. ദുഖാർത്തരായ പ്രിയപ്പെട്ടവരെ ദൈവം ആശ്വസിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സഭയുടെ അനുശോചനം അറിയിക്കുന്നു.

ആഗസ്റ്റ് മാസത്തേക്ക് നിശ്ചയിച്ചിരിക്കുന്ന ധ്യാന വിഷയങ്ങളും വായനാഭാഗങ്ങളും സഭയുടെ ചില അടിസ്ഥാന മൂല്യങ്ങളെയും രാഷ്ട്രത്തോടുള്ള നമ്മുടെ കടപ്പാടുകളെയും ഓർമ്മപ്പെടുത്തുന്നവയാണ്. ആഗസ്റ്റ് 7–ാം തീയിതി ഞായറാഴ്ച നാം മിഷൻ സൺഡേ ആയി ആചരിക്കുന്നു. 'സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല' (വി. മത്തായി 10:16–23) എന്നതാണ് ചിന്താവിഷയം. ഭാരത സുവിശേഷീകരണം എന്ന വലിയ ദർശനമാണ് സഭയ്ക്കുള്ളത്. ആ ലക്ഷ്യ സാക്ഷാത്ക്കാരത്തിനു ഓരോ കാലത്തും സഭാമക്കൾ ദർശനത്തെളിമ സൂക്ഷിക്കേണ്ടതുണ്ട്. കേവല കർമ്മാചാരത്തിന്റെ ഭൂമികയിൽ രമിക്കുന്നവരായിത്തീർന്നുപോകാതെ, സുവിശേഷം നൽകുന്ന ധാർമ്മിക വിശുദ്ധിയുടെ അനുഭവ സാക്ഷ്യം ഉള്ളവരായിത്തീരുമ്പോൾ മാത്രമേ സുവിശേഷം പങ്കുവെക്കുവാൻ കഴിയുകയുള്ളൂ. ബുദ്ധിയും നിർമ്മലതയും ഒന്നിച്ചുചേരുന്ന നല്ല പ്രേക്ഷിതരായി നമ്മുടെ സഭാ മക്കൾ തീരുന്നതിലൂടെയാണ്, നാം സുവിശേഷത്തിന്റെ നല്ല പ്രചാരകർ ആകുന്നത്.

ആഗസ്റ്റ് 14–ാം തീയിതി ഞായർ 'രാഷ്ട്ര നിർമ്മിതിയിൽ ക്രൈസ്തവ സാന്നിധ്യം" എന്ന വിഷയം നാം ധ്യാനിക്കുന്നു. രാഷ്ട്രം സ്വാതന്ത്ര്യ പ്രാപ്തിയുടെ സ്മരണ കൊണ്ടാടുന്ന സന്ദർഭത്തിൽ തികച്ചും സംഗതമാണ് ഈ ചിന്താവിഷയം. ഒരു പുതിയ ക്രമവും രീതിയും അന്വേഷിച്ച് തന്റെ അടുത്തുവന്ന വ്യത്യസ്ത ജനവിഭാഗങ്ങളോടുള്ള യോഹന്നാൻ സ്നാപകന്റെ ഉപദേശങ്ങൾ ആണല്ലോ അന്നത്തേക്കുള്ള സുവിശേഷ ഭാഗം (വി. ലൂക്കോ.3:7–14). യോഹന്നാൻ നൽകിയ ഉപദേശങ്ങൾ ഈ കാലഘട്ടത്തിലും വളരെ പ്രസക്തമാണ്. എന്തു നേടി എന്നതിനേക്കാൾ എന്തു നൽകാൻ കഴിഞ്ഞു എന്നതാണ് ജീവിതസായൂജ്യത്തിന്റെ മാനദണ്ഡം. നന്മയുടെ ഉരുത്തിരിയൽ ആണ് സംഭവിക്കേണ്ടത്. സ്വാർത്ഥതയിൽ നിന്നും അകന്നിരിക്കുന്ന ആന്തരിക സ്വാതന്ത്ര്യം അനുഭവമായി തീരുന്നതിനാണ് ദൈവരാജ്യം നമ്മെ ക്ഷണിക്കുന്നത്. യേശുക്രിസ്തുവിലൂടെ സ്വാതന്ത്ര്യം അനുഭവിക്കുന്ന ദൈവമക്കൾക്കു നല്ല പൗരൻമാരായി രാജ്യത്തെ സേവിക്കുവാൻ കഴിയും. വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൽ നന്മയുടെ പക്ഷത്തു ചേർന്നു നിന്ന് നന്മ വളർത്താൻ നമുക്ക് കഴിയട്ടെ.

ആഗസ്റ്റ് 21–ാം തീയതി ഞായറാഴ്ച സഭ 'നവീകരണ ഞായർ' (വി. മത്തായി 5:17–20) ആയി കൊണ്ടാടുന്നു. സുവിശേഷ മൂല്യങ്ങളിൽ നിലനിൽക്കുന്നതിനും അവ പ്രചരിപ്പിക്കുന്നതിനുമുള്ള പ്രതിബദ്ധതയാണ് നവീകരണ സഭ ഉൾക്കൊള്ളുന്നത്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്ന നീതി ഉണ്ടായി വരുന്നതാണ് സ്വർഗ്ഗരാജ്യ പ്രവേശനത്തിന്റെ മുഖാന്തിരം എന്ന് യേശു പറഞ്ഞത് നാം ഓർക്കണം. നിയമങ്ങളുടെയും പ്രമാണങ്ങളുടെയും അക്ഷരത്തേക്കാൾ അവയുടെ സത്തക്കു പ്രാധാന്യം നൽകാൻ കഴിയേണ്ടതുണ്ട്. അപ്പോൾ ആണ് അവ മനുഷ്യോന്മുഖമായിത്തീരുന്നത്. കേൾക്കുന്ന വചനം വിശ്വാസമായി പരിണമിക്കുന്നതിനു അനുവദിക്കേണ്ടിയിരിക്കുന്നു. വചനത്തിന്റെ രൂപാന്തരീകരണ ശക്തിയുടെ ജീവിക്കുന്ന സാക്ഷികൾ ആയിത്തീരുമ്പോൾ ആണല്ലോ സമഗ്ര നവീകരണം സംഭവിക്കുന്നത്. സഭയും സഭാ ഘടനകളും സമകാലിക സാഹചര്യങ്ങളോട് പ്രതികരിക്കാൻ ചൈതന്യമുള്ളതായിത്തീരുക എന്നതാണ് നവീകരണ ലക്ഷ്യം.

ആഗസ്റ്റ് 28–ാം തീയതി ഞായർ 'വിശുദ്ധ കുർബ്ബാന:ആത്മാവിന്റെയും ശരീരത്തിന്റെയും സൗഖ്യം' (വി. യോഹ 6: 26–35) എന്ന വിഷയം ധ്യാനിക്കുന്നു. ശരീരാത്മദേഹികളുടെ സംയുക്തമായ ഉണ്മയാണ് യഥാർത്ഥ സൗഖ്യം. ശരീരത്തിന്റെ വീണ്ടെടുപ്പും ആത്മാവിന്റെ സൗഖ്യവും നമുക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. മനുഷ്യ പുത്രനിലുള്ള വിശ്വാസമാണ് അതിന് ആധാരം. ഈ വിശ്വാസം വളരെ പാരസ്പര്യമുള്ള ജീവിതക്രമത്തിലേക്കു നമ്മെ ക്ഷണിക്കുന്നു. ഭൗതിക ആവശ്യങ്ങൾ കണക്കിടാതെയുള്ള കേവല ആദ്ധ്യാത്മികതഭൂതങ്ങൾക്കുള്ള ബലിയർപ്പണമായിതീർന്നു പോകാം എന്ന് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നു. വിശുദ്ധ കുർബ്ബാന ദൈവരാജ്യ അനുഭവത്തിന്റെ മുന്നാസ്വാദനം ആണ്. നിത്യജീവനിലേക്ക് നിലനിൽക്കുന്ന ആഹാരം അങ്ങനെ നമുക്ക് നല്കപ്പെടുന്നു. വിശുദ്ധ കുർബ്ബാന സമൂഹമായി നാം വിളിക്കപ്പെട്ടിരിക്കുമ്പോൾ, ഈ കൂദാശ ഉയർത്തുന്ന വെല്ലുവിളികൾ സ്വീകരിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. മുറിക്കപ്പെടാനും പകരപ്പെടാനും നമ്മുടെ ജീവിതം അർപ്പിച്ചു കൊടുക്കുന്നതാണ് വിശുദ്ധ കുർബ്ബാനയുടെ വെല്ലുവിളി. അതിനായി നമ്മെ കർത്തൃകരങ്ങളിലർപ്പിക്കാം ●

നമ്മുടെ കർത്താവേശുമ്ശിഹായുടെകൃപ
നിങ്ങളേവരോടുംകൂടെയിരിക്കട്ടെ.

പൂലാത്തീൻ
30. 07. 2022

ഡോ. തിയഡോഷ്യസ്
മാർത്തോമ്മാ മെത്രാപ്പോലീത്താ